## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

# സമഗ്രം




EDAVAKA NATIONAL A.L.P.SCHOOL

VALERY P.O,MOOLITHODE,MANANTHAVADY 670645

## അടിസ്ഥാന വിവരങ്ങൾ

- സ്കൂളിന്റെ പേര് : എൻ എ എൽ പി എസ് എടവക
- ഫോൺ നമ്പർ:9497780935
- സ്കൂൾ കോഡ്:15449
- ഇ-മെയിൽ ഐഡി:edavakanlps@gmail.com
- വിഭാഗം: എയ്ഡഡ്
- മാനേജ്മെന്റ് :ഷേൺസ്റ്റാറ്റ് സിസ്റ്റർ സിസ്റ്റേഴ്സ് ഓഫ് മേരി
- വിദ്യാഭ്യാസ ജില്ല :വയനാട്
- വിദ്യാഭ്യാസ ഉപജില്ല :മാനന്തവാടി
- പഞ്ചായത്ത്: എടവക
- ബി.ആർ.സി: മാനന്തവാടി
- സി.ആർ.സി:മാനന്തവാടി
- മാനേജർ:സിസ്റ്റർ ഫിലോമിന
- ഹെഡ്മാസ്റ്റർ:സിസ്റ്റർ സിനി ഫ്രാൻസിസ്

## അധ്യാപകരുടെ എണ്ണം

- ഹെഡ്മാസ്റ്റർ:1
- എൽ.പി.എസ്.റ്റി:12
- അറബി:1
- എച്ച്.റ്റി.വി:1

## കുട്ടികളുടെ എണ്ണം

- ആൺകുട്ടികൾ:137
- പെൺകുട്ടികൾ:107
- ആകെ കുട്ടികൾ:244

# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യം തന്നെ ഓരോ വിദ്യാർത്ഥികളുടെയും സമഗ്രമായ ഭൗതിക, മാനസിക, വൈകാരിക, സാമൂഹിക വളർച്ചയാണ്. ഈ ലക്ഷ്യം രൂപകല്പന ചെയ്യുന്ന സമ്പൂർണ്ണമായ ഒരു വിദ്യാഭ്യാസ പദ്ധതി തന്നെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. അതോടൊപ്പം തന്നെ ഓരോ അക്കാദമിക മാസ്റ്റർ പ്ലാനും അതാത് കാല ഘട്ടത്തിന്റെയും സാഹചരുങ്ങളുടെയും മാറിവരുന്ന താല്പര്യങ്ങ ഉൾക്കൊണ്ടുകൊണ്ട് അവയിലൂടെ സ്വായത്തമാക്കിയ അവബോധവും തിരിച്ചറിവും കൂടെ ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിൻറെ പൊതു വിദ്യാഭ്യാസരംഗത്തിനും സമൂഹത്തിനും പുതിയ കരുത്തും ദിശാബോധവും നൽകും എന്ന ശുഭാപ്തി വിശ്വാസത്തോടെയാണ് എടവക നാഷണൽ എ എൽ പി സ്കൂൾ 2025- 26 അധ്യായനവർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ ഇവിടെ തയ്യാറാക്കിയിരിക്കുന്നത്. പാഠ്യ പദ്ധതിയുടെ ലക്ഷ്യങ്ങൾ, പഠനഫലങ്ങൾ, അധ്യാപന രീതികൾ, മൂല്യനിർണയ മാർഗങ്ങൾ, ഭൗതിക സാഹചര്യങ്ങൾ, മെച്ചപ്പെടേണ്ട മേഖലകൾ എന്നിവയും കൂടാതെ സ്കൂൾ, കുട്ടി, വീട്, രക്ഷിതാക്കൾ, അധ്യാപകർ, പൊതുസമൂഹം എന്നീ കണ്ണികളെ പരസ്പരം ചേർത്ത്നിർത്തിക്കൊണ്ട് ഓരോ കുട്ടിയും അറിവിന്റെ നിർമ്മാതാക്കൾ ആവുകയും, അറിവ് ആർജിക്കുകയുംചെയ്യുക എന്ന ലക്ഷ്യം കൂടി ഈ അക്കാദമിക മാസ്റ്റർപ്ലാനിൽ അടങ്ങിയിരിക്കുന്നു. അതോടൊപ്പം തന്നെ വിദ്യാർത്ഥികൾക്ക് താൽപര്യവും ആകർഷണവുമുള്ള വിധത്തിൽ പഠനം മേഖലകളെ അവതരിപ്പിച്ചു തങ്ങളുടെ കഴിവുകൾ വികസിപ്പിക്കാനുള്ള അവസരങ്ങൾ ഒരുക്കുന്നതിനും, അധ്യാപകർക്ക് സ്വസ്ഥമായ അധ്യാപന പരിപാടികൾ നടപ്പിലാക്കുന്നതിനും ഒപ്പം തന്നെ വിദ്യാർത്ഥികളുടെ പഠനം അത് ഉദ്ദേശിക്കുന്ന രീതിയിൽ വളർച്ച പ്രാപിക്കേണ്ടതിന് രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും സഹകരണം ഉറപ്പാക്കുകയും ചെയ്യുന്നു. അധ്യാപകരുടെയും രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും സഹകരണത്തോടെ പഠനരംഗത്തെ മികവ് നിലനിർത്തുവാൻ,പഠന വിടവുകൾ പരിഹരിക്കാൻ,വിവിധ തരത്തിലും ഘട്ടങ്ങളിലും ആയിട്ടുള്ള വിലയിരുത്തലുകൾ നടത്തുവാൻ ഈ മാസ്റ്റർ പ്ലാൻ പ്രധാന പങ്കുവഹിക്കുമെന്ന് ഞങ്ങൾക്ക് വിശ്വാസമുണ്ട്.

## പൊതു ലക്ഷ്യങ്ങൾ

- ഓരോ വർഷങ്ങളിലും സ്കൂളിൽ എത്തുന്ന വിദ്യാർത്ഥികൾ അതത് ക്ലാസ്സിൽ നിന്നും നേടേണ്ട ശേഷി കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- കുട്ടികളുടെ സർഗ്ഗപരവും കായികപരവും അക്കാദമിക പരവുമായിട്ടുള്ള കഴിവുകൾ വികസിപ്പിച്ച് അവരെ മികച്ച പൗരന്മാരാക്കി വളർത്തുക.
- ഗണിതം, ശാസ്ത്രം ഭാഷ തുടങ്ങിയ വിഷയങ്ങളുടെ പഠനം എളുപ്പമാക്കുന്നതിന് അനുയോജ്യമായ പാട്ടുകൾ വായ്ത്താരികൾ പരീക്ഷണങ്ങൾ എന്നിവ ശേഖരിക്കുകയും അവയ്ക്ക് പരിശീലനം നൽകുകയും ചെയ്യുക.
- പ്രകൃതിയെ അറിയുന്ന പ്രകൃതിയോട് സഹവർത്തിത്വത്തോടെ പെരുമാറുന്ന പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്ന പൗരന്മാരായി വളർത്തുന്നതിന് കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ തയ്യാറാക്കുകയും അവയുടെ പരിപാലനം ഉറപ്പുവരുത്തുകയും ചെയ്യുന്നതിനായി വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും വിവിധ ഗ്രൂപ്പുകൾ രൂപീകരിക്കുകയും ചെയ്യുക.
- ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കുകയും ക്ലാസ് മുറികൾ അതിനനുസരിച്ച് നവീകരിക്കുകയും അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തുകയും ചെയ്യുക.
- കുട്ടികൾക്ക് സമൂഹവുമായി ഇടപഴകി ജീവിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക സംഘടിപ്പിക്കുക
- ഗോത്ര വിഭാഗ വിദ്യാർത്ഥികളെയും അന്യസംസ്ഥാന തൊഴിലാളികളുടെ മക്കളെയും ചേർത്തുനിർത്തിക്കൊണ്ട് ആകർഷകവും ഗുണപ്രദവുമായ വിധത്തിൽ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുക.
- കൃത്യമായ വിലയിരുത്തലുകൾ നടത്തുന്നതിനായിരക്ഷിതാക്കളുടെ യോഗം മാസംതോറും വിളിച്ചു കൂട്ടുക.
- വിദ്യാർത്ഥികളിൽ ലഹരിയുടെ ഉപയോഗവും ലഭ്യതയും തടയുക എന്ന ലക്ഷ്യത്തോടെ അതുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ

സംഘടിപ്പിക്കുകയും കുട്ടികളെ അതിൽ പങ്കാളികളാകുകയും ലഹരി ഉപയോഗിക്കുന്നത് ആരോഗ്യത്തിനും സമൂഹത്തിനും ദോഷമാണെന്ന് അവബോധം കുട്ടികളിൽ വളർത്തുകയും ചെയ്യുക

## ദിനാചരണങ്ങൾ

1. പരിസ്ഥിതി ദിനം
2. വായന ദിനം
3. ലഹരി വിരുദ്ധ ദിനം
4. ലോക രക്തദാന ദിനം
5. ബഷീർ ദിനം
6. ചാന്ദ്രദിനം
7. ഹിരോഷിമ ദിനം
8. നാഗസാക്കി ദിനം
9. ക്വിറ്റ് ഇന്ത്യദിനം
10. സ്വാതന്ത്ര്യ ദിനം
11. കർഷക ദിനം
12. ഓണം
13. അധ്യാപക ദിനം
14. ഓസോൺ ദിനം
15. ഗാന്ധിജയന്തി
16. ദേശീയ തപാൽ ദിനം
17. കേരളപ്പിറവി ദിനം
18. മലയാള ഭാഷാ ദിനം
19. സ്കൗട്ട് & ഗൈഡ് സ്ഥാപക ദിനം
20. ശിശുദിനം
21. പഴശ്ശിരാജ ചരമദിനം
22. ലോക ഭിന്നശേഷി ദിനം
23. സായുധ പതാക ദിനം
24. ക്രിസ്തുമസ്
25. റിപ്പബ്ലിക് ദിനം
26. രക്തസാക്ഷിദിനം
27. ലോക ഹിന്ദിദിനം
28. ലോക സ്കൗട്ട് ദിനം
29. അന്താരാഷ്ട്ര വനിതാദിനം
30. ലോക വനവത്ക്കരണ
31. ലോക ജലദിനം

# ഭാഷാ വികസനം

## ശാസ്ത്രം

1.ക്ലാസുകളിൽ നടത്തിയ ശാസ്ത്ര പരീക്ഷണങ്ങളുടെ പ്രദർശനം.

2.ശാസ്ത്രതരംഗത്ത് നടക്കുന്ന പുതിയ കണ്ടുപിടുത്തങ്ങങ്ങൾ ഏതൊക്കെ എന്ന് ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കൽ

3.പഠന പ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മിച്ച ശാസ്ത്രപകരണങ്ങളുടെ പ്രദർശനം.

4.ശാസ്ത്ര ചുമർ പത്രിക നിർമ്മാണം

5.ഫീൽഡ് ട്രിപ്പ് - പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് നടത്തി വിവര ശേഖരണം നടത്ത

6.പ്രാജക്ടുകൾ തയ്യാറാക്കൽ - ശാസ്ത്രരംഗവുമായും പാഠഭാഗവുമായി ബന്ധപ്പെട്ട പ്രൊജക്ട്ടുകളും സെമിനാറുകളും തയ്യാറാക്കി ശാസ്ത്ര ക്ലബിൽ അവതരിപ്പിക്കൽ

7.ശാസ്ത്രലാബിലെ ഉപകരണങ്ങൾ പേര് ഉപയോഗം എന്നിവ എഴുതി ക്രമീകരിച്ച് പ്രദർശിപ്പിക്കൽ

8.വിവിധ ശാസ്ത്ര ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തൽ, ചുമർ പത്രിക പതിപ്പുകൾ എന്നിവയുടെ നിർമ്മാണം

9. ശാസ്ത്ര പുസ്തകങ്ങൾ വായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കൽ

10. ഐസിടി സാധ്യത ഉപയോഗപ്പെടുത്തുക -പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം

11. ആധുനിക സൗകര്യങ്ങളുടെ ലാബ് സജ്ജമാക്കുക

## ഗണിതം

1.പ്രദർശനങ്ങൾ - ഗണിത മോഡലുകൾ, ഗണിത ചാർട്ടുകൾ, ജ്യോമട്രിക്കൽ ചാർട്ടുകൾ

2. ഗണിത മാഗസിൻ - ഗണിത ശാസ്ത്രജ്ഞൻമാർ, കുസൃതികണക്കുകൾ, കണക്കിലേക്കെത്താനുള്ള എളുപ്പവഴികൾ, ഗണിത രൂപങ്ങൾ, കടങ്കഥകൾ.

3.ഗണിത ക്വിസ് സംഘടിപ്പിക്കൽ

4ഗണിത പൂക്കള മത്സരം

5. ഗണിത ലാബ് സജ്ജീകരിക്കുക

6. പ്രാദേശിക ഗണിത പ്രതിഭകളുടെ ക്ലബ്ബു രൂപീകരണം

## മലയാളം

ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകളെ പ്രയോജനപ്പെടുത്തി ഭാഷാശേഷി വികസിപ്പിക്കുക.

എല്ലാ കുട്ടികളും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ ആശയവിനിമയശേഷി നേടിയെന്ന് ഉറപ്പാക്കുക.

വിവിധ സാഹിത്യ രചനകൾ, സാഹിത്യകാരന്മാർ എന്നിവരെക്കുറിച്ച് ധാരണ ഉണ്ടാക്കുക.

സാഹിത്യ രചനകൾ സ്വയം നടത്തുകയും, അവയെ വിലയിരുത്തുകയും അവയുടെ വായനയിലേക്ക് മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന തരത്തിലുള്ള പ്രവർത്തനങ്ങളിൽ കുട്ടികൾ ഏർപ്പെടുക.

ഭാഷയിലെ വിവിധ വ്യവഹാര രൂപങ്ങൾ അടുത്തറിയുക, അടുത്തറിഞ്ഞവയെ പ്രയോഗിക

ജീവിതത്തിന് ഉതകും വിധം ക്രമീകരിക്കത്തക്ക പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

കഥാചർച്ചകൾ, കവിതാചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കുകയും, എഴുത്തിന്റെയും ഉയർന്ന തലങ്ങളിലേക്ക് കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുക.

## ഇംഗ്ലിഷ്

ആഴ്ചയിലൊരിക്കൽ, വ്യാഴാഴ്ച്ച ഇംഗ്ലീഷിൽ മാത്രം അധ്യാപകരും കുട്ടികളും ആശയവിനിമയം നടത്തുക.

എല്ലാദിവസവും ഒരു പുതിയ വാക്ക് പരിചയപ്പെടുത്തിക്കൊണ്ട് പ്രോഗ്രാം സംഘടിപ്പിക്കുക.

സ്വതന്ത്ര വായനയ്ക്കും എഴുത്തിനും കുട്ടികളെ സജ്ജമാക്കുക.

ആത്മവിശ്വാസത്തോടെ ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും ഒരുക്കുക.
ഇംഗ്ലീഷ് കവിതകൾ കേൾക്കുന്നതിനും ചൊല്ലുന്നതിനും അവസരം ഒരുക്കുക.
ലൈബ്രറിയിൽ ഇംഗ്ലീഷ് രചനകളുടെ വിതരണത്തിനും വായനയ്ക്കും അവസരം നൽകുക.

## ഐ.സി.ടി സാധ്യതകൾ

1വിവരസാങ്കേതികവിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2.അറിവ് നിർമാണപ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.
3.കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം.
4.പാഠഭാഗവുമായി ബന്ധപ്പെടുത്തി ഐസിടി സാധ്യത ഉപയോഗിക്കുന്നു

## പ്രവർത്തി പരിചയം

1.നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വർദ്ധിപ്പിക്കുക.
2ഇതരവിഷയ പഠനവുമായി പ്രവർത്തി പരിചയ അനുഭവത്തെ ബന്ധിപ്പിക്കുക.
3.പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളും പ്രയോജനകരമായ മറ്റുൽപ്പന്നങ്ങളും ഉണ്ടാക്കുവാനുള കഴിവ് വികസിപ്പിക്കുക.
4- ടാലൻ്റ് ലാബ് - എല്ലാ വെള്ളിയാഴ്ചകളിലും വിവിധ വസ്തുക്കൾ ഉപയോഗിച്ച് വ്യത്യസ്ത കരകൗശല നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെടൽ
5 .സ്കൂൾ പ്രവർത്തി പരിചയ കലാമേള സംഘടിപ്പിക്കൽ

## കലാ പരിശീലനം

1.പാഠഭാഗങ്ങളെ സംഗീതാത്മകമായി അവതരിപ്പിക്കുന്നതിനുള്ള പിന്തുണ ഉറപ്പാക്കുക.
2.പാഠഭാഗങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിൽ അവതരിപ്പിക്കുക
3. ടാലൻ്റ് ലാബ് -എല്ലാ വെള്ളിയാഴ്ചകളിലും പ്രസംഗം, പാട്ട് അഭിനയം, ക്രാഫ്റ്റ്, ചിത്രരചന പരിശീലനം നൽകൽ

4. കലാമേള പരിശീലനം നൽകൽ
5. എല്ലാ ദിവസവും ഉച്ചയ്ക്ക് 1 30 മുതൽ 1 45 വരെയുള്ള സമയങ്ങളിൽ ധ്വനി റേഡിയോ പ്രോഗ്രാമിലൂടെ കുട്ടികളുടെ സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം നൽകുന്നു
6. മാസത്തിലൊരിക്കൽ കുട്ടികളുടെ കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനായി സ്കൂൾ സ്റ്റേജ് തുറന്നു കൊടുക്കുന്നു.

## ആരോഗ്യ-കായിക വിദ്യാഭ്യാസം

1.എല്ലാ കുട്ടികൾക്കും കായിക ആരോഗ്യ ക്ഷമത ഉറപ്പാക്കുക.
2.ആരോഗ്യ ശീലങ്ങൾ വളർത്തുക.
3.വിദ്യാർത്ഥികളുടെ പ്രായത്തിന് ഉതകുന്ന കായികോപകരണങ്ങൾ ഉറപ്പുവരുത്തുക. ആരോഗ്യകരമായ ഭക്ഷണ ശീലങ്ങളിലൂടെ ജീവിതശൈലി രോഗങ്ങൾ അകറ്റിനിർത്തുന്നതിനുള്ള ബോധവൽക്കരണം ലഭ്യമാക്കുക
4.റോഡ് പാർക്ക് നിർമ്മാണം കുട്ടികളിൽ റോഡ് സുരക്ഷാ നിയമങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി റോഡ് പാർക്ക് നിർമ്മിക്കുന്നു.
5.കുട്ടികളുടെ മാനസിക ഉല്ലാസത്തിനും ശാരീരിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും വ്യക്തിജീവിതത്തിൽ ആയ ശീലങ്ങൾ വളർത്തിയെടുക്കുന്നതിനും പ്രായോഗികമാക്കുന്നതിനും പിടിയും മാസ്ഡ്രില്ലും ഊർജ്ജിതമാക്കുന്നു.
6.നല്ല വ്യക്തിത്വ രൂപീകരണത്തിനും പഠനത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനും ക്ലാസ് തലത്തിൽ മെഡിറ്റേഷൻ സംഘടിപ്പിക്കുന്നു.
6.കുട്ടികളെ പലവിധ രുചികൾ പരിചയപ്പെടുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ വിവിധ തരത്തിലുള്ള ഫുഡ് ഫെസ്റ്റുകൾ സംഘടിപ്പിക്കുന്നു.
7.കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കുന്നതിനും അവരെ സ്വയം പര്യാപ്തരാക്കുന്നതിനും എല്ലാ കുട്ടികളെയും സൈക്ലിംഗ് പരിശീലനം നൽകുന്നു.

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • വായന സാധ്യതകൾ വളർത്തുന്നതിന്.<br>• മികവുറ്റ സർഗാത്മക രചനകൾ നടത്തുന്നതിന്.<br>• ലൈബ്രറിയുടെ ഫലപ്രദമായ വിനിയോഗത്തിന്.<br>• വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുത്തുന്നതിന്.<br>• അമ്മ വായന തുറന്ന ലൈബ്രറി ക്ലാസ് ലൈബ്രറി എഴുത്തകം തുടങ്ങിയ വായന വളർത്താനുള്ള സാഹചര്യങ്ങൾ സാധ്യമാക്കുന്നു.<br>• വ്യത്യസ്ത സാഹിത്യ ശാഖകൾ പരിചയപ്പെടുത്തുന്നു.<br>• ക്ലാസ് പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന്.<br>• വിവിധ ഘട്ടങ്ങളിലായി കുട്ടികൾ തയ്യാറാക്കുന്ന സർഗ്ഗാത്മക രചനകൾ തൂലികാബോർഡിലൂടെ പ്രദർശിപ്പിക്കുകയും സഹപാഠികൾക്ക് വായിക്കാനുള്ള അവസരം നൽകുകയും ചെയ്യുന്നു.<br>• കുട്ടികളുടെ സർഗാത്മക രചനകൾ ഉൾപ്പെടുത്തി | 1.അക്ഷര ജ്യോതി<br>ഭാഷാ പഠനത്തിലെ അടിസ്ഥാനങ്ങൾ ആയ അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവയെ കുറിച്ച് ധാരണ നേടുക അവ പ്രായോഗിക ജീവിതത്തിൽ ഉപയോഗിക്കുക എന്ന ലക്ഷ്യത്തിൽ ഊന്നിയാണ് അക്ഷരജ്യോതി എന്ന പ്രവർത്തനം നടത്തുന്നത്.<br><br>2.തൂലിക<br>കുട്ടികളുടെ സർഗാത്മക ശേഷിയുടെ പരിപോഷണത്തിനായി സ്കൂൾതലത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനം.<br>വിവിധ ഘട്ടങ്ങളിലൂടെ തൂലികാ പ്രവർത്തനം കടന്നുപോകുന്നു.<br>ഓരോ മാസവും വിവിധ വ്യവഹാര രൂപങ്ങൾ നിശ്ചയിച്ച് നൽകുന്നു.<br>ആദ്യഘട്ട പ്രവർത്തനമായി നിശ്ചയിച്ച് നൽകിയ വ്യപഹാര രൂപം കുട്ടികൾ സ്വതന്ത്രമായി രചിക്കുന്നു.<br>ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികളുടെ സർഗാത്മക രചനകൾ ശേഖരിക്കുന്നു മികച്ച രചനകൾ തൂലികാ ബോർഡിൽ പ്രദർശിപ്പിക്കുന്നു.<br>അസംബ്ലിയിൽ അധ്യാപിക വ്യവഹാര രൂപത്തിന്റെ മാതൃക അവതരിപ്പിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നു<br>വ്യവഹാര രൂപത്തിന്റെ മത്സരം നടത്തുന്നു.<br><br>3.ധ്വനി<br>സ്കൂൾ റേഡിയോ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ, മലയാളം അധ്യാപകർ, | പി.ടി.എ ,പ്രധാനാധ്യാപിക |

| | | | | |
|---|---|---|---|---|
| സ്പന്ദനംഎന്ന പേരിൽ സ്കൂൾ ഡിജിറ്റൽമാഗസിൻ തയ്യാറാക്കുന്നു.<br>• ഭാഷയുടെ അടിസ്ഥനശേഷി വികസനം , അശയസംവേദനം നടത്താനും പദസംമ്പത്ത് വളർത്താനും പഠിതക്കളെ പ്രാപ്തരാക്കുക. | എല്ലാദിവസവും ഉച്ചയ്ക്ക് ഒന്നു മുതൽ 1.45 വരെയുള്ള സമയത്ത് കുട്ടികൾക്ക് കഥാകവിത എന്നിവ കേൾക്കാനും അവതരിപ്പിക്കാനുള്ള അവസരം സ്കൂൾ റേഡിയോയിലൂടെ ഒരുക്കുന്നു.<br><br>4.എഴുത്തകം<br>കുട്ടികളുടെ സർഗാത്മകശേഷി വളർത്തുന്നതിന് വിദ്യാലയത്തിൽ ഒരിടം.ഒഴിവു സമയങ്ങളെ ഫലപ്രദമായി വിനിയോഗിക്കാൻ എഴുത്തകത്തിലൂടെ കുട്ടികൾക്ക് സാധിക്കുന്നു.കുട്ടികൾ തയ്യാറാക്കിയ സർഗാത്മക രചനകൾ പ്രദർശിപ്പിക്കുന്നു.മികച്ച രചനകൾ ഡിജിറ്റൽ മാഗസിനിൽ ഉൾപ്പെടുത്തുന്നു.<br><br>5.സ്പന്ദനം സ്കൂൾ ഡിജിറ്റൽ മാഗസിൻ<br>തൂലികയിലൂടെ വിരിയുന്നകുട്ടികളുടെ സർഗാത്മക രചനകൾ പ്രദർശിപ്പിക്കുന്നതിന് ഒരിടം.<br><br>6.സ്വരം<br>വിവിധ ദിനചരണങ്ങളോട് അനുബന്ധിച്ച് സെമിനാർ, ,സിമ്പോസിയം,പാനൽചർച്ച,സംവാദം, എന്നിവ ഓരോ മാസങ്ങളിൽ ആയി സംഘടിപ്പിക്കുന്നു. | | | |

## ENGLISH

| AIM | ACTIVITIES | TIME | RESPONSIBLE PERSON | |
|---|---|---|---|---|
| 1.To encourage Listening & Speaking.<br><br>2 To encourage reading<br><br>3.To cultivate effective communication skills for various context.<br><br>4.To develop Writing skills<br><br>5.To expand vocabulary. | Book Talk<br>Students present a short talk about a book they read explaining the story, characters, and what they liked.<br>Extempore<br>Students are given simple topics to present a small speech.<br>English Skit<br>Students perform short skits in English on topics like friendship, honesty, or classroom events.<br>Tongue Twister Challenge<br>Fun activity to improve pronunciation through English tongue twisters. (Eg: She sells sea shells...)<br>Interview a Friend<br>Pairs of students ask and answer questions about each other to develop questioning and answering skills.<br>Star of the week<br>In a week give an award to the children who tried to speak well.<br>Reading corner | July-March | English Club, English Teachers | PTA, HM |

| | | | | |
|---|---|---|---|---|
| | A collection of English reading materials to improve the reading habits of students.<br>Communicative English workshop<br>Encourage learners to speak English through fun filled activities.<br>English Skit<br>Students perform short skits in English on topics like friendship, honesty, or classroom events.<br>Slogan writing, Story & Poem writing.<br>It enhances their creative writin<br>Word Ladder Game<br>A vocabulary game where students change one letter at a time to form a new word (e.g., cold cord card hard).<br>Word of the day<br>The class teachers give a word and meaning everyday.And easy kids club also give a word and students make a sentence using that word .Then published in easy kids board. | | | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.എല്ലാ കുട്ടികൾക്കും സംഖ്യാബോധം ഉറപ്പുവരുത്തുന്നു.<br>2. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുന്നു<br>3. ഗണിത മേള, ഗണിത പൂക്കള മത്സരം, ഉല്ലാസ ഗണിതം<br>4. ഗണിത ലാബ്<br>5. ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും<br>6. ഗണിതശാസ്ത്ര പഠനത്തിൽ ഐടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ<br>7. വിവിധ ശേഷികളുടെ വികസനം | 1.ഗണിത കിറ്റ്<br>സംഖ്യ പോക്കറ്റ്, ഫ്ലാഷ് കാർഡ്, നമ്പർ കാർഡ്, മുത്തുകൾ, എന്നിവയിലൂടെ സംഖ്യാബോധം ഉറപ്പുവരുത്തുന്നു.<br>2. ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയേറ്റ് ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>3.ഗണിത മേള<br>ഗണിത ആഭിമുഖ്യമുള്ള കുട്ടികൾക്ക് വിവിധയിനങ്ങളിൽ മത്സരിക്കുന്നതിനും അവ പ്രദർശിപ്പിക്കു അവസരം സൃഷ്ടിക്കുന്നു. പ്രതിഭാ ധ നരെ മത്സരത്തിനായി ഒരുക്കുന്നു. കുട്ടികളും അധ്യാപകരും രക്ഷിതാക്കളും ചേർന്ന് തയ്യാറാക്കിയ പഠന പ്രവർത്തന ഉൽപ്പന്നങ്ങൾ പ്രത്യേകം സജ്ജീകരിക്കുന്നു. തുടർപ്രവർത്തനത്തിനായി പ്രവർത്തന സജ്ജമാക്കുന്നു.<br>ഗണിത പൂക്കളം, ജ്യോമെട്രിക്കൽ പാറ്റേണുകൾ, ഒറിഗാമി, ടാൻഗ്രാം തുടങ്ങിയവയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകുന്ന പ്രവർത്തനങ്ങൾ കുട്ടികളിലേക്കെ ത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ, ഗണിത അധ്യാപകർ, സ്പെഷ്യൽ | പി.ടി.എ ,പ്രധാനാധ്യാപിക ,മുൻസിപ്പാലിറ്റി |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | |
|---|---|---|---|---|---|
| • ഓരോരുത്തർക്കും (ഓരോ കമ്പ്യൂട്ടർ) എൽ.സി.ഡി. പ്രൊജക്റ്ററിന്റെ സഹായത്തോടെ<br><br>• പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ/പാട്ടുകൾ കഥകൾ/ സംഭാഷണങ്ങൾ<br><br>• കാണാനും കേൾക്കാനും അനുഭവിക്കുവാനുമുള്ള അവസരം<br><br>• അറബിക് അസംബ്ലി<br><br>• ആഴ്ച്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക<br>• ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക<br><br>• ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക<br><br>• പുസ്തകം പരിചയപ്പെടുത്തൽ<br><br>• സഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | 1. ആസ്വാദന സഭ<br>പാടാനും പറയാനും കഴിയുന്ന മികച്ചപ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷിട്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ...<br>ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം.....<br><br>2. കാഴ്ചയും കേൾവിയും:<br>നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രോജക്റ്ററിൻ്റെ സഹായത്തോടെ കാണാനുള്ള അവസരം. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ, അറബിക് അധ്യാപകർ, സ്പെഷ്യൽ | പി.ടി.എ ,പ്രധാനാധ്യാപിക ,മുൻസിപ്പാലിറ്റി | |

## പ്രവർത്തനങ്ങൾ

1.എല്ലാ ക്ലാസുകളിലും ഇൻറർ ആക്റ്റീവ് ബോർഡ്.

**കാലയളവ് - 2026 മാർച്ച്, ഏപ്രിൽ , മെയ്**

**സാമ്പത്തിക വിശകലനം**

**സ്കൂൾ വെൽഫെയർ കമ്മിറ്റി**

2.ചിത്രങ്ങളും അക്ഷരങ്ങളും അക്കങ്ങളും നിറഞ്ഞ ആകർഷകമായ ചുമർ

**ചിത്രങ്ങൾ.**

**കാലയളവ് - 2026 ഏപ്രിൽ മെയ്**

**സാമ്പത്തിക വിശകലനം - സ്കൂൾ വെൽഫെയർ കമ്മറ്റി.**

3 .ചിൽഡ്രൻസ് പാർക്ക് നവീകരണം

**കാലയളവ് - 2025- 2027**

**സാമ്പത്തിക വിശകലനം - അവൈലബിൾ ഫണ്ടിംഗ് ഏജൻസി**

4.സ്കൂൾ ഗ്രൗണ്ട് നവീകരണം

**കാലയളവ് - 2025- 2028**

**സാമ്പത്തിക വിശകലനം - സ്കൂൾ മനോജ് മെൻ്റ്, അധ്യാപകർ, പൂർവ്വ**

**വിദ്യാർഥി അംഗങ്ങൾ.**

5.മികച്ച ഭൗതിക സൗകര്യം ഒരുക്കുന്നതിനായി എല്ലാ ക്ലാസുകളിലെയും നിലം

**ടൈൽ ചെയ്യുന്നു.**

**കാലയളവ് - 2025 - 2027**

**സാമ്പത്തിക വിശകലനം - സ്കൂൾ വെൽഫെയർ കമ്മിറ്റി**

6.ഓപ്പൺ ലൈബ്രറി ക്രമീകരണം

**കാലയളവ് - 2025- 2026**

**സാമ്പത്തിക വിശകലനം - അവൈലബിൾ ഫണ്ടിംഗ് ഏജൻസി**

7.outer door - indoor ഗെയിംസിനുള്ള കൂടുതൽ സൗകര്യം ഒരുക്കുന്നു.

**കാലയളവ് - 2025 -2027**

സാമ്പത്തിക വിശകലനം - പൂർവ്വ വിദ്യാർത്ഥികൾ

## നേട്ടങ്ങൾ

- അക്കാദമിക നിലവാരത്തിന്റെ പ്രതീക്ഷിക്കൊത്ത്  ഉയർന്ന 5 LSS വിജയികൾ
- LP വിഭാഗം ശാസ്ത്ര ഗണിത-സാമൂഹ്യ ശാസ്ത്ര മേളയിൽ ശാസ്ത്ര മേളയിലും സാമൂഹ്യശാസ്ത്രമേളയിലും ഉപജില്ലാതലത്തിൽ ഓവറോൾ നേടി. ഗണിതശാസ്ത്രമേളയിലും പ്രവൃത്തി പരിചയ മേളയിലുംമികവ് പുലർത്തി.
- മാതൃഭൂമി സീഡ് പുരസ്കാരങ്ങള ഹരിത വിദ്യാലയ പുരസ്കാരത്തിൽ വയനാട് ജില്ലയിൽ രണ്ടാം സ്ഥാനവും സീഡ് പ്രവർത്തനങ്ങളിൽ വയനാട് ജില്ലയിൽ മൂന്നാം സ്ഥാനവും നേടി.
- മലയാള മനോരമ നല്ല പാഠം ഏർപ്പെടുത്തിയ അവാർഡ് - വയനാട് ജില്ലയിൽ മൂന്നാമതായി തിരഞ്ഞെടുത്തു. മികച്ച നല്ലപാഠം കോർഡിനേറ്റർമാരായി വിദ്യാലയത്തിലെ രണ്ട് അധ്യാപകർ തിരഞ്ഞെടുക്കപ്പെട്ടു.
- ദീപിക കളർ ഇന്ത്യ മത്സരത്തിൽ LP വിഭാഗത്തിൽ ജില്ലയിൽ ഒന്നാമതെത്തി.
- എടവക പഞ്ചായത്തിന്റെ ഹരിത വിദ്യാലയം പുരസ്കാരം ലഭിച്ചു.
- അബാക്കസ് ടാലന്റ് ടെസ്റ്റിൽ ദേശീയതലത്തിൽ വിദ്യാലയത്തിലെ 6 വിദ്യാർത്ഥികൾ മികവ് പുലർത്തി.
- സൃഷ്ടിപഥം പബ്ലിക്കേഷൻസിന്റെ പുസ്തകത്തിൽ വിദ്യാലയത്തിലെ നാല് കുട്ടികളുടെ കൃതികൾ പ്രസിദ്ധീകരിച്ചു.

## ഉപസംഹാരം

വിദ്യാലയത്തിന്റെ സമഗ്രമായ വികസനത്തിന് അക്കാദമികവും അക്കാദമികേ തരവുമായ മികവുകളുടെ വിലയിരുത്തലുകളാണ് ഏറ്റവും ആവശ്യം. വിദ്യാർഥികളുടെ സമ്പൂർണമായ വികസനത്തെ സ്വാംശീകരിക്കുന്ന തരത്തിൽ വിദ്യാലയ സൗകര്യങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്ന വിദ്യാലയമായതിനാൽ തന്നെ വിദ്യാർത്ഥികളുടെ സമഗ്ര വികസനം സാധ്യമായിട്ടുണ്ട്. മികവുകളുടെ കൃത്യമായ വിശകലനവും പോരായ്മകളുടെ പരിഹാരബോധന പ്രക്രിയകളും ചിട്ടയായ രീതിയിൽ നടന്നുവരുന്നു. ഒന്നിച്ചുയരലിന്റെ പുത്തൻ മാതൃകകൾ ഇനിയും ഏറെ ഉണ്ടാകട്ടെ... സാമൂഹ്യ വികസനത്തിന്റെ പുതിയ പാഠങ്ങൾ മക്കളിൽ ഉറപ്പിക്കാനായി വിദ്യാലയത്തിന്റെ സമഗ്ര വികസനം ഇവിടെ സാധ്യമാകുന്നുണ്ട്.